(ബി) ഇതിന്റെ പണി 1987 ജനുവരിക്ക് മുൻപ് പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് പി. ഡബ്ലിയു. ഡി. റോഡല്ല. ജനറൽ സെക്ടർ സ്കീമിലുൾപ്പെട്ട ഈ പണിയുടെ 85,000 രൂപ വരുന്ന എസ്റ്റിമേറ്റ് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡിസ്ട്രിക്ട് കളക്ടർക്ക് അയച്ചു കൊടുത്തിരുന്നു. എന്നാൽ ഫണ്ടിന്റെ അഭാവത്തിൽ ഈ ജോലി ചെയ്യാൻ നിർവ്വാഹമില്ലയെന്ന വിവരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഏ വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

ഇടക്കൊച്ചിമുതൽ തോപ്പുംപടിവരെ പുതിയ റോഡ് നിർമ്മിക്കാൻ നടപടി

1154 [2097] ശ്രീ. ടി. പി പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരാതിർത്തിയിൽ എൻ. എച്ച്. 47-ൽ ഇടക്കൊച്ചി മുതൽ തോപ്പുംപടിവരെയുള്ള റോഡ് വളരെ വീതികുറഞ്ഞതായതിനാൽ ഗതാഗതത്തിന് തടസ്സം ഉണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടക്കൊച്ചിമുതൽ തോപ്പുംപടിവരെ ഒരു പുതിയ റോഡ് നിർമ്മിക്കാനുദ്ദേശിച്ചിരുന്ന നിർദ്ദേശം ഉപേക്ഷിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുതിയ റോഡ് നിർമ്മിക്കുവാൻ ഉടനടി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി നിർദ്ദേശം ഇതുവരെ പരിഗണനയിൽ വന്നിട്ടില്ല. എന്നാൽ കച്ചേരിപ്പടിയിലേയും പാലായിമൂലയിലേയും കൊടുംവളവുകൾ നിവർക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ. റോഡ് പണികൾ

1153 [2098] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ. റോഡ് പണികൾ മിക്കതിനും ഭരണാനുമതി നൽകാത്തതുകൊണ്ട് എല്ലാ വ്യവസ്ഥകളും പാലിക്കുന്ന റോഡുകളുടെ നിർമ്മാണമാരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടൂർ, മന്തിക്കുളം, പരുത്തിപ്പള്ളി റോഡിന്റെ എസ്റ്റിമേറ്റിന് ഗവൺമെന്റ് അംഗീകാരം നൽകുവാൻ മടിയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ റോഡിന്റെ എസ്റ്റിമേറ്റിന് 26-10-1984-ൽ ഭരണാനുമതി കൊടുത്തിട്ടുണ്ട്. പണി ചെയ്യുന്നതിനുള്ള പ്രത്യേക അനുമതിയും നൽകിയിട്ടുണ്ട്.

എം. എൽ. എ. റോഡുകളുടെ നിർമ്മാണത്തിന് ജില്ലാടിസ്ഥാനത്തിൽ തുക നീക്കിവയ്ക്കണമെന്ന നിർദ്ദേശം

1156 [2099] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. റോഡുകളുടെ നിർമ്മാണത്തിന് ജില്ലാടിസ്ഥാനത്തിൽ തുക നീക്കി വച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതിന്റെ ആവശ്യമുള്ളതായിട്ട് തോന്നുന്നില്ല.

പാമ്പാടി-കൂരോപ്പട റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

1157 [2101] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി-കൂരോപ്പട റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുക എത്ര;

(സി) ഈ റോഡിന്റെ പണി ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4,05,000 രൂപ

(സി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ സാമ്പത്തിക വർഷം തന്നെ പണി ആരംഭിക്കുവാൻ കഴിയുമോ എന്ന് ഇപ്പോൾ പറയുന്നതിന് ബുദ്ധിമുട്ടുണ്ട്.

എടക്കഴിയൂർ-വെളിയംകോട് റോഡ്

1158 [2102] ശ്രീ. പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു റോഡായ എടക്കഴിയൂർ-വെളിയംകോട് റോഡ് ടാർ ചെയ്യുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്തിട്ടുണ്ടോ?

നട

LIBRARY ARCHIVES Kerala Legislative Assembly